**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **01-02-2023 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും വിതരണവും തടയുന്നതിന് വിവിധങ്ങളായ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ഒരു മാസം നീണ്ടുനിന്ന തീവ്ര കർമ്മ പരിപാടി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന രണ്ടാംഘട്ട കർമ്മ പരിപാടി ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>സംസ്ഥാന പോലീസ് മുഖേന ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:-<br><br>പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പേരിൽ ഒരു കാമ്പെയിൻ ആരംഭിച്ചിട്ടുണ്ട്. ഒക്ടോബർ 6-ന് ആണ് ഇത് ഔദ്യോഗികമായി ലോഞ്ച് ചെയ്തത്. പോലീസിന്റെ പ്രധാന ചുമതല മയക്കുമരുന്ന് ശൃംഖലയുടെ വിതരണം തടയുക എന്നത് ആണെങ്കിലും ആ ലക്ഷ്യം കൈവരിക്കുന്നതിന് മയക്കുമരുന്ന് ഉപഭോഗം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി ഓരോ സ്കൂളിലും യോദ്ധാവായി തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ അധ്യാപകർ സ്കൂളിൽ ഉള്ള മയക്കുമരുന്ന് ഉപയോഗിക്കുന്ന കുട്ടികളിൽ ഉണ്ടാകുന്ന പെരുമാറ്റ വ്യത്യാസം തിരിച്ചറിഞ്ഞ് അവരെ ബോധവൽക്കരിക്കുന്നതിനും പിന്നെയും മയക്കുമരുന്ന് ഉപയോഗത്തിലേക്ക് പോകാതെ തടയുന്നതിനും ആവശ്യമായ പരിശീലനം നൽകി വരുന്നു. |

ലഹരി വിരുദ്ധ പ്രവർത്തന മേഖലയിൽ വൈദഗ്ധ്യം സിദ്ധിച്ചവരെയാണ് ട്രെയിനിംഗ് നൽകുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായി ഒരു പരിശീലന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വിദഗ്ധരെ റിസോഴ്സ് പേഴ്സണുകളായി തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ജനമൈത്രി പോലീസുകാർക്കും ട്രെയിനിംഗ് നൽകി വരുന്നു. അവർ ഭവന സന്ദർശനവേളയിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുടുംബങ്ങൾക്ക് ബോധവൽക്കരണം നടത്തും.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും ലഹരി വിരുദ്ധ പ്രവർത്തനത്തിനാവശ്യമായ ട്രെയിനിംഗ് നൽകി വരുന്നു. ഇത്തരത്തിൽ 3752 സ്കൂളുകളിലായി 88,000 കേഡറ്റുകൾ ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കും. 50,039 കേഡറ്റുകൾ ഇതുവരെ പരിശീലനം പൂർത്തിയാക്കി.

ലഘു ചിത്രങ്ങളും വീഡിയോകളും ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു. സാമൂഹ്യമാധ്യമ പ്ലാറ്റ്ഫോമുകളും ഇലക്ട്രോണിക് മാധ്യമങ്ങളും ഇതിനായി ഉപയോഗിച്ചുവരുന്നു. സൈക്കിൾ റാലി, വാക്കത്തോൺ, മാരത്തോൺ, മറ്റ് കായികയിനങ്ങൾ തുടങ്ങിയവയും ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു. ലഹരിയ്ക്കെതിരെ ബഹുജനങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി പ്രതിജ്ഞ സംഘടിപ്പിച്ച് വരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നവംബർ 11-ന് പ്രതീകാത്മകമായി മയക്കുമരുന്ന് കുഴിച്ചുമൂടൽ ചടങ്ങ് സംഘടിപ്പിച്ചു.

വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്നു വില്പന തടയുന്നതിനായി സ്കൂൾ/കോളേജ് പരിസരങ്ങളിൽ നിരന്തരമായ പോലീസ് സാന്നിധ്യം ഉറപ്പു വരുത്തിയും വിദ്യാർത്ഥികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും പോലീസ് സ്റ്റേഷൻ പരിധിയിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ നിരന്തരമായ റെയ്ഡുകൾ സംഘടിപ്പിച്ചു. ജില്ലാ തലത്തിൽ രൂപീകരിച്ച DANSAF (District Anti Narcotic Special Action Force) സ്ക്വാഡും മയക്കുമരുന്ന് വില്പന തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി സുരക്ഷാ പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ തുടങ്ങിയ വിവിധ പദ്ധതികൾ വഴി വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും

വിവിധങ്ങളായ ബോധവല്ക്കരണ പദ്ധതികൾ നടത്തി വരുന്നു. മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥലങ്ങളെ ഹോട്ട്സ്പോട്ടുകളായി കണക്കാക്കി പ്രസ്തുത സ്ഥലങ്ങളിൽ കൂടുതൽ റെയ്ഡുകളും പരിശോധനകളും നടത്തി വരുന്നു. വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിയ Clean Campus, Safe Campus എന്ന പദ്ധതിയിലൂടെ ലഹരിമരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തി വരുന്നു. കൂടാതെ സിനിമാ, സ്പോർട്ട്സ് എന്നീ മേഖലകളിലെ താരങ്ങളെ അണിനിരത്തിക്കൊണ്ട് മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവും നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികളേയും യുവാക്കളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്താനായി സംസ്ഥാന എക്സൈസ് വകുപ്പ് മേൽനോട്ടം വഹിക്കുന്ന 'വിമുക്തി' പദ്ധതിക്ക് എല്ലാവിധ പിന്തുണയും സംസ്ഥാന പോലീസ് നൽകി വരുന്നുണ്ട്.

സംസ്ഥാന എക്സൈസ് വകുപ്പ് മുഖേന ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടത്തി വരുന്നത്:-

ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് ഫീൽഡ് തലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോം, 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ട്രൈക്കിങ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പെട്രോളിംഗ് യൂണിറ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ, സൈബർ സെല്ലുകൾ, മേജർ കേസ്സുകൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള കമ്മീഷണർ സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. ക്ലബുകൾ, ബാറുകൾ. ലോഡ്ജുകൾ, ടർഫുകൾ എന്നിവ നിരീക്ഷിച്ച് പരിശോധനകൾ നടത്തി വരുന്നു. പോലീസ്, തീരദേശ പോലീസ്, വനം, റവന്യൂ ഭക്ഷ്യസുരക്ഷാ വകുപ്പുകളുമായി സംയോജിത പരിശോധനകളും നടത്തി വരുന്നു. ലഹരി വ്യാപനം അമർച്ച ചെയ്യുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ

| | | | |
|---|---|---|---|
| | | | പരിശോധിച്ച് മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി ആയതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടു വരുന്നതിനും പരമാവധി ശിക്ഷവാങ്ങി കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>സ്കൂളുകൾ, കോളേജുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ വാർഡുതല കമ്മിറ്റികൾ എന്നിവയുമായും ഗ്രാമപഞ്ചായത്തുകൾ, ക്ലബ്ബുകൾ, വിവിധ വകുപ്പുകളുമായും ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ലഹരി മാഫിയ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾ റൂം രൂപീകരിച്ചിട്ടുണ്ട്. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ എല്ലാം തന്നെ യഥാസമയം സബ് ഓഫീസുകളിലേയ്ക്ക് അറിയിച്ച് നടപടി സ്വീകരിച്ചു വരുന്നു. രാത്രി കാലങ്ങളിൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി കേസുകൾ കണ്ടെത്തുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ രണ്ട് സ്ട്രൈക്കിങ് ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ളതാണ്. എക്സൈസ് ഇന്റലിജൻസ് വിഭാഗം വിവിധ സബ് ഓഫീസുകളുമായി ചേർന്ന് രഹസ്യ വിവരങ്ങൾ ശേഖരിച്ച് മയക്കു മരുന്നു കേസുകൾ കണ്ടെത്തുന്നുണ്ട്. ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ആർ.പി.എഫുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധന നടത്തി വരുന്നു. തീരദേശ പോലീസുമായി ചേർന്ന് തീരദേശമേഖലകളിൽ ശക്തമായ പരിശോധനകളും നടത്തി വരുന്നു. അന്യ സംസ്ഥാന ബന്ധമുള്ള ലഹരി മാഫിയകളുടെ ബന്ധങ്ങൾ പരിശോധിക്കുന്നതിന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും ഡയറക്ടർ ജനറൽ ഓഫ് റവന്യൂ ഇന്റലിജൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | വാണിജ്യാടിസ്ഥാനത്തിൽ മയക്കുമരുന്ന് കടത്തിക്കൊണ്ടുവരുന്നത് വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മയക്കുമരുന്നുകളാണ് കൂടുതലായി കടത്തികൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് മയക്കുമരുന്ന് കടത്തിക്കൊണ്ടു വരുന്നത് കണ്ടെത്തുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചാവ്, എം.ഡി.എം.എ., എൽ.എസ്.ഡി. എന്നിവ പോലുള്ള |

| | | | |
|---|---|---|---|
| | | | മയക്കുമരുന്നുകളാണ് കൂടുതലായി കടത്തിക്കൊണ്ടുവരുന്നത്. |
| (സി) | വാണിജ്യാടിസ്ഥാനത്തിൽ മയക്കുമരുന്ന് കടത്തികൊണ്ടുവരുന്നത് പിടികൂടിയതും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും സംബന്ധിച്ച് പോലീസ് ജില്ല അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ ? | (സി) | 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ കടത്തിക്കൊണ്ടുവന്ന മയക്കുമരുന്ന് എക്സൈസ് വകുപ്പ് പിടികൂടി രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധം -I ആയും പോലീസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധം-II ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 8 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 3 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 0 |
| 7 | എറണാകുളം | 16 |
| 8 | തൃശ്ശൂർ | 8 |
| 9 | പാലക്കാട് | 21 |
| 10 | മലപ്പുറം | 14 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 7 |
| 14 | കാസറഗോഡ് | 4 |
| ആകെ | | 111 |

**അനുബന്ധം-II**

| ക്രമ നം. | ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 9 |
| 2 | തിരുവനന്തപുരം റൂറൽ | 3 |
| 3 | കൊല്ലം സിറ്റി | 10 |
| 4 | കൊല്ലം റൂറൽ | 3 |
| 5 | പത്തനംതിട്ട | 1 |
| 6 | ആലപ്പുഴ | 12 |
| 7 | കോട്ടയം | 2 |
| 8 | ഇടുക്കി | 3 |
| 9 | എറണാകുളം സിറ്റി | 23 |
| 10 | എറണാകുളം റൂറൽ | 9 |
| 11 | തൃശ്ശൂർ സിറ്റി | 6 |
| 12 | തൃശ്ശൂർ റൂറൽ | 7 |
| 13 | പാലക്കാട് | 7 |
| 14 | മലപ്പുറം | 37 |
| 15 | കോഴിക്കോട് സിറ്റി | 10 |
| 16 | കോഴിക്കോട് റൂറൽ | 5 |
| 17 | വയനാട് | 2 |
| 18 | കണ്ണൂർ സിറ്റി | 5 |
| 19 | കണ്ണൂർ റൂറൽ | 1 |
| 20 | കാസറഗോഡ് | 21 |
| 21 | പോലീസ് റെയിൽവേസ് | 1 |
| | ആകെ | 177 |